CEIA/3391/2025-IT

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
പബ്ലിക് ഓഫീസ്
തിരുവനന്തപുരം -695033
ഇമെയിൽ-itcellirrigation@gmail.com
തീയതി:22-10-2026

സർക്കുലർ

വിഷയം: ജലസേചന വകുപ്പിലെ e-office പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു പോകുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന സ.ഉ.(സാധാ) നം.70/2024/ITD തീയതി, 03-04-2024 ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഐ.ടി നയത്തിന് അനുസൃതമായി, ജലസേചന വകുപ്പിൽ സമ്പൂർണ്ണ ഡിജിറ്റൽ ഭരണനിർവ്വഹണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി e-Office സംവിധാനം 100% പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

നിലവിൽ KSWAN /KFON സൗകര്യമില്ലാത്ത ഓഫീസുകളിൽ വെർച്ചൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (VPN) വഴിയാണ് e-Office പ്രവർത്തിക്കുന്നത്. എന്നാൽ VPN ഉപയോഗത്തിൽ നിരന്തരം തടസ്സങ്ങൾ നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്:

1. KSWAN കണക്ഷൻ ലഭ്യമായ സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ: സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ നിലവിലുള്ള KSWAN ശൃംഖല ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ KSWAN കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. KSWAN കണക്ഷനിൽ VPN ഇല്ലാതെ തന്നെ e-Office സുഗമമായി പ്രവർത്തിക്കുന്നതാണ്. KSWAN ജില്ലാതല email ഐഡികൾ അനുബന്ധം 1 ആയി നൽകുന്നു.

2. **KFON കണക്ഷനിലേക്ക് മാറുന്നത് സംബന്ധിച്ച്:** സർക്കാർ നിർദ്ദേശപ്രകാരം എല്ലാ ഓഫീസുകളിലും KFON കണക്ഷൻ എടുക്കാവുന്നതാണ്. KFON കണക്ഷനിലും VPN ഇല്ലാതെ e-Office പ്രവർത്തിക്കും.

- **ഡിവിഷൻ തല ഓഫീസുകൾ:** ഡിവിഷൻ കാര്യാലയത്തിലും കീഴ് കാര്യാലയങ്ങളിലും ഉള്ള എല്ലാ ഓഫീസുകളുടെയും വിവരങ്ങൾ അതാത് ഡിവിഷനുകൾ ക്രോഡീകരിച്ച്, അനുയോജ്യമായ പ്ലാൻ, KYC രേഖകൾ എന്നിവ സഹിതം KFON അധികൃതരെ അറിയിക്കേണ്ടതാണ്. തുടർന്ന് KFON കണക്ഷൻ ഫീസിബിലിറ്റി പരിശോധിച്ച് നടപടി KFON ഓഫീസിൽ നിന്നും സ്വീകരിക്കുന്നതാണ്.

- **ചീഫ് എഞ്ചിനീയർ/ സർക്കിൾ തല ഓഫീസുകൾ:** ടി ഓഫീസുകൾ KFON കണക്ഷനായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്

- **KFON കണക്ഷനായി ബന്ധപ്പെടേണ്ട വിവരങ്ങൾ:**
  - Email: enterprise@kfon.in
  - Contact person: Ragesh R (Ph no: 9048002689)

3. IP Range അപ്ഡേഷൻ: മറ്റ് ഇന്റർനെറ്റ് കണക്ഷനുകളിൽ നിന്നും KFON/KSWAN-ലേക്ക് മാറുന്ന ഓഫീസുകൾക്ക് ലഭിക്കുന്ന പുതിയ IP Range വിവരങ്ങൾ ഇറിഗേഷൻ ഐ.ടി സെല്ലിന്റെ **eofficeirrigation.itcell@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ (SDC) വഴി പുതിയ IP range-ൽ e-Office പ്രവർത്തനാനുമതി ഐ.ടി സെല്ലിൽ നിന്നും ലഭ്യമാക്കുന്നതാണ്.

മേൽ വിവരങ്ങൾ എല്ലാ കാര്യാലയ മേധാവികൾക്കും തുടർ നടപടികൾക്കായി നൽകുന്നു.

ഉള്ളടക്കം: അനുബന്ധം 1

Digitally signed by
Sreedevi P
Date: 22-10-2026
12:40:04

ചീഫ് എഞ്ചിനീയർ

പകർപ്പ്:-

എല്ലാ കാര്യാലയമേധാവികൾക്കും(വെബ്സൈറ്റ് മുഖേന)

അനുബന്ധം 1

Contact details of KSWAN		
Sl No	**District**	**Mail ID**
1	Trivandrum	tvm.kswan@railtel.in
2	Kollam	klm.kswan@railtel.in
3	Pathanamthitta	pta.kswan@railtel.in
4	Alappuzha	alp.kswan@railtel.in
5	Kottayam	ktm.kswan@railtel.in
6	Idukki	idk.kswan@railtel.in
7	Eranakulam	ekm.kswan@railtel.in
8	Thrissur	tsr.kswan@railtel.in
9	Palakkad	plk.kswan@railtel.in
10	Malappuram	mlp.kswan@railtel.in
11	Kozhikkod	kkd.kswan@railtel.in
12	Wayanad	wyd.kswan@railtel.in
13	Kannur	knr.kswan@railtel.in
14	Kasargod	kgd.kswan@railtel.in